## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 2140

22.01.2014 ന് മറുപടി

### ഫയർഫോഴ്സ് ജീവനക്കാരുടെ ഗ്രേഡ് പ്രൊമോഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി | |
| എ). | ഫയർമാൻ തസ്തികയിലും ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികയിലുമുള്ള ജീവനക്കാർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ; | എ) | ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി). | ഒന്നാമത്തെ സമയബന്ധിത ഗ്രേഡ് വാങ്ങുന്ന ഫയർമാൻ, ഫയർമാൻ ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ എന്നീ തസ്തികകൾക്ക് പുതിയ പേര് നൽകുന്നതിനും രണ്ടാമത്തെ ഗ്രേഡ് നേടുന്ന വരെ പുതിയ തസ്തികയായി അംഗീകരിച്ച് പുതിയ പേര് നൽകുന്നതും സംബന്ധിച്ച തീരുമാനം കൈക്കൊള്ളുമോ; | ബി) | പുതിയ പേരും തസ്തികയും ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| സി) | മറ്റ് ഡിപ്പാർട്ട്മെന്റുകളെ അപേക്ഷിച്ച് പ്രൊമോഷൻ സാധ്യത വളരെ കുറവായതിനാൽ അത്തരം കാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും ജീവനക്കാർക്ക് അംഗീകാരം നൽകുന്നതിനുമുള്ള തീരുമാനം കൈക്കൊള്ളുമോ? | സി) | ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്സിന്റെ നവീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന് ഏകാംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ